(ഡി) 3-3-1981-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 63/81/എ.ഡി., 20-7-1985-ലെ ജി.ഒ.(എംഎസ്.) 225/85/എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രകൃതിക്ഷോഭംമൂലം കൃഷി നശിക്കുമ്പോൾ നഷ്ടപരിഹാരം നൽകിവരുന്നത്.

(ഇ) മാനദണ്ഡത്തിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഗംഗാമാ സർക്കിൾ കൃഷിരീതിയെക്കുറിച്ച് പഠനം

101 [2855] *ശ്രീ. തോമസ് ചാഴികാടൻ:*

,, *കെ. നാരായണക്കുറുപ്പ്:*

,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാരാഷ്ട്രയിലെ കൃഷിരീതിയായ ഗംഗാമാ സർക്കിളിനെക്കുറിച്ച് പരിശീലനം ലഭിച്ച പലരും ഈ കൃഷിരീതി വിജയകരമായി നടപ്പാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടങ്ങളെ നിയന്ത്രിക്കാൻ മിത്രജീവികളുടെ ആവാസവ്യവസ്ഥയൊരുക്കി കൃഷിയിൽനിന്ന് നല്ല വിളയുണ്ടാക്കാൻ സാധിക്കുന്ന ഈ രീതി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് പഠനം നടത്താനും ജനങ്ങളെ ബോധവൽക്കരിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) കേരളത്തിൽ ഇപ്പോൾത്തന്നെ കീടങ്ങളെ നിയന്ത്രിക്കുവാൻ മിത്രജീവികളുടെ ആവാസവ്യവസ്ഥയൊരുക്കി നെൽക്കൃഷിയിൽ സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്.

പാലക്കാട് ജില്ലയിലെ നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ നടപടി

102 [2856] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ അപകടപ്പെടുത്തുന്ന രീതിയിൽ പാലക്കാട് ജില്ലയിൽ നെൽക്കൃഷിയിടങ്ങൾ നികത്തുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly